(ബി) ഐക്കോൺസിന്റെ പ്രവർത്തനങ്ങൾക്കായി ഏതെല്ലാം ഏജൻസികളിൽ നിന്ന് എത്രയുക വീതം ഫണ്ട് ലഭിക്കുന്നുണ്ട്;

(സി) രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനത്തിന് എത്രയുകയാണ് ചെലവു വരുന്നത്;

(ഡി) ഐക്കോൺസിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ ബഡ്ജറ്റിൽ എത്രയുക വകയിരുത്തിയിരുന്നു; അതിൽ എത്രയുക വിനിയോഗിക്കാൻ കഴിഞ്ഞു ?

ഉത്തരം

(എ) തിരുവനന്തപുരം പുലയനാർകോട്ടയിലെ ഐക്കോൺസ് സെന്ററിൽ ഐ.പി. വാർഡ് ഉൾപ്പെടെയുള്ള രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിലും ആവശ്യമായ മുഴുവൻ ഫണ്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയും ലഭിച്ചിട്ടില്ല.

(ബി) ഐക്കോൺസിന്റെ പ്രവർത്തനങ്ങൾക്കായി കേരള സർക്കാരിൽ നിന്നും തിരുവനന്തപുരം, ഷൊർണ്ണൂർ സെന്ററുകൾക്കായി പദ്ധതിയിനത്തിൽ 5 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 186.85 ലക്ഷം രൂപയും 2015-16-ൽ വകയിരുത്തിയിട്ടുണ്ട്. മറ്റ് ഏജൻസികളിൽനിന്നും സഹായം ലഭിച്ചിട്ടില്ല.

(സി) ഐക്കോൺസിന്റെ തിരുവനന്തപുരം സെന്ററിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനത്തിന് ഏകദേശം 5 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

(ഡി) ഐക്കോൺസിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ 4.5 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 172.5 ലക്ഷം രൂപയും അനുവദിച്ചിരുന്നു. ഇതിൽ പദ്ധതിയിനത്തിൽ 3.75 കോടി രൂപയും പദ്ധതിയേതരയിനത്തിൽ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

## ഫുഡ്സേഫ്റ്റി ലാബുകളിൽ NABL അക്രിഡിറ്റേഷൻ

**133 (798)** ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫുഡ്സേഫ്റ്റി ലാബുകളിൽ NABL അക്രിഡിറ്റേഷൻ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് വേണ്ടിയുള്ള ഭൗതിക സാഹചര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഒരുക്കുന്നതിൽ ഊർജ്ജിതമായ നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്നറിയിക്കുമോ ;

(ബി) ഇതിനായി കഴിഞ്ഞ ബഡ്ജറ്റിൽ തുക നീക്കിവച്ചിരുന്നോ എങ്കിൽ അതിൽ നിന്നും എത്രതുക എന്തെല്ലാം പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സംസ്ഥാനത്ത് ഫുഡ്സേഫ്റ്റി ലാബുകളിൽ NABL അക്രിഡിറ്റേഷൻ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന CIFT-നെ അക്രിഡിറ്റേഷൻ കൺസൾട്ടന്റായി തീരുമാനിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ ഇതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല.

**ആശാ വർക്കർമാർക്ക് ഓണറേറിയം**

**134 (799)** ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശാ വർക്കർമാർക്ക് പ്രതിമാസം ഓണറേറിയം നൽകുന്നുണ്ടോ; നിലവിൽ എത്ര രൂപയാണ് ഓണറേറിയം നൽകുന്നത് ;

(ബി) നിലവിൽ എത്ര മാസത്തെ കുടിശ്ശികയാണ് കൊടുക്കാനുള്ളതെന്നും; ഈ തുക എന്ന് കൊടുത്തുതീർക്കുമെന്നും വ്യക്തമാക്കുമോ ;

(സി) ആശാ വർക്കർമാർക്ക് ഓണറേറിയം കൊടുക്കുന്നതിനായി 2014-15 വർഷത്തെ ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ആശാ വർക്കർമാർക്ക് പ്രതിമാസം ഓണറേറിയം നൽകുന്നുണ്ട്. 2014-15-ൽ പ്രതിമാസം 900 രൂപ നിരക്കിലാണ് ആശാ വർക്കർമാർക്ക് ഓണറേറിയം നൽകിയത്.

(ബി) 2014-15 മാർച്ച് വരെയുള്ള ഓണറേറിയം കൊടുത്തുതീർത്തിട്ടുണ്ട്. 2015-16-ലെ ഏപ്രിൽ, മേയ് മാസത്തെ ഓണറേറിയം കുടിശ്ശികയായി നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly